## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3254** **11.05.2017-ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് ആധാർ**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ. ഇടപാടുകൾക്ക് നിലവിൽ ആധാർ നിർബന്ധമാണോ; എങ്കിൽ ചിട്ടി, വായ്പ, നിക്ഷേപം എന്നിവക്കെല്ലാം ആധാർ നിർബന്ധമാകുമോ എന്ന് വ്യക്തമാക്കുമോ; | (എ) | അല്ല. കെ.എസ്.എഫ്.ഇ. യിൽ ഈയിടെ നടന്ന സമ്പൂർണ്ണ കമ്പ്യൂട്ടർ ശൃംഖലാവത്ക്കരണത്തിന്റെ ഭാഗമായി ഇടപാടുകാരുടെ വിശദവിവരങ്ങൾ ശാസ്ത്രീയമായി ക്രോഡീകരിക്കുന്നതിനും ഇടപാടുകൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് എല്ലാ ഇടപാടുകാരുടെയും ആധാർ നമ്പർ ശേഖരിക്കാൻ ശാഖകൾക്ക് നിർദ്ദേശം നൽകിയത്. എന്നാൽ ഇത് ഇടപാടുകാരോട് അടിച്ചേൽപ്പിക്കുകയോ നിർബന്ധമാക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | എന്നുമുതലാണ് പ്രസ്തുത നിബന്ധന നിലവിൽ വരുന്നതെന്ന് അറിയിക്കുമോ; | (ബി) | 29.03.2017 നാണ് ആധാർ നമ്പറുകൾ ശേഖരിക്കുന്നത് സംബന്ധിച്ച സർക്കുലർ ശാഖകൾക്ക് നൽകിയത്. |
| (സി) | ആധാർ നമ്പർ ശേഖരിക്കുന്നതിന് എന്തൊക്കെ നടപടികൾ കെ.എസ്.എഫ്.ഇ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | (സി) | ആധാർ എടുത്തിട്ടുള്ളവർ പ്രസ്തുത വിവരങ്ങൾ ബന്ധപ്പെട്ട ശാഖയിൽ നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.